LIBRARY ARCHIVES Kerala Legislative Assembly

ലോട്ടറി സമ്മാനയിനത്തിൽ കൈപ്പറ്റാത്ത തുക

28 [3890] *ശ്രീ. ഉമേഷ് ചള്ളിയിൽ:*

,, *കെ. കെ. ഷാജു:*

,, *എ. എൻ. രാജൻ ബാബു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലോട്ടറി സമ്മാന യിനത്തിൽ ജേതാക്കൾ കൈപ്പറ്റാത്ത തുക എത്രയെന്ന് വിശദമാക്കാമോ;

(ബി) ഒന്നാം സമ്മാനയിനത്തിൽ ഏതൊക്കെ നറുക്കെടുപ്പുകളിൽ ആണ് തുക കൈപ്പറ്റാതിരുന്നിട്ടുള്ളത്;

(സി) ഇത് എത്രയെന്ന് വിശദമാക്കാമോ;

(ഡി) രണ്ടും മൂന്നും സമ്മാനങ്ങളിൽ ഏത്ര തുക കൈപ്പറ്റാതെ പോയിട്ടുണ്ട്;

(ഇ) കൈപ്പറ്റാത്ത സമ്മാനത്തുക ഏതിനത്തിലാണ് ഉൾപ്പെടുത്തുന്നത് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 71,50,000 രൂപ.

(ബി) 2004 സെപ്റ്റംബർ മാസം മുതൽ നടന്ന ചൈതന്യ, പെരിയാർ നറുക്കെടുപ്പുകളിൽ ഒന്നാം സമ്മാനാർഹരായ രണ്ടുപേർ സമ്മാനത്തുക കൈപ്പറ്റാതിരുന്നിട്ടുണ്ട്.

(സി) 40 ലക്ഷം രൂപ.

(ഡി) 31,50,000 രൂപ.

(ഇ) സർക്കാരിലേക്ക് മുതൽക്കൂട്ടുകയാണ് ചെയ്യുന്നത്.

കെ. എസ്. എഫ്. ഇ.-യുടെ പ്രവർത്തനം

29 [3891] *ശ്രീ. കോവൂർ കുഞ്ഞുമോൻ:*

,, *എ. എ. അസീസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ. എസ്. എഫ്. ഇ. ഏതെല്ലാം തരം വായ്പകളാണ് നൽകി വരുന്നത്;

(ബി) എത്ര പേർക്ക് ആകെ എത്ര രൂപയാണ് നാളിതുവരെ വായ്പ നൽകിയിട്ടുള്ളത്;

(സി) കിട്ടാക്കടമായി എത്ര രൂപയാണ് നിലവിലുള്ളത്;